**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 109** **07-02-2023 - ൽ മറുപടിയ്ക്ക്**

**പുതിയ അദ്ധ്യാപക തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ വർദ്ധനവിന് ആനുപാതികമായി പുതിയ ഡിവിഷനുകളും അദ്ധ്യാപക തസ്തികകളും സൃഷ്ടിക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ ഓരോ അദ്ധ്യയന വർഷവും ആറാം പ്രവൃത്തി ദിവസം നിലവിലുള്ള വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം നടത്തി അദ്ധ്യാപക തസ്തികകൾ അനുവദിക്കാൻ കേരള വിദ്യാഭ്യാസ ചട്ടം പ്രകാരം വ്യവസ്ഥ നിലനിൽക്കുന്നുണ്ട്. സർക്കാർ പ്രത്യേകം ഉത്തരവ് പുറപ്പെടുവിച്ചാൽ മാത്രമേ ആയതിൽ നിന്നും വ്യത്യസ്തമായി തസ്തിക നിർണ്ണയം നടത്താതിരിക്കുകയുള്ളൂ. 2020-21, 2021-22 അധ്യയന വർഷങ്ങളിൽ കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ, 2019-20 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയം തന്നെ തുടരാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. 2022-23 അദ്ധ്യയന വർഷം ആറാം പ്രവൃത്തി ദിനത്തെ കുട്ടികളുടെ എണ്ണം അനുസരിച്ച് തസ്തിക നിർണ്ണയം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പുതുതായി സൃഷ്ടിക്കേണ്ട അദ്ധ്യാപക തസ്തികകൾ കണക്കാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ ഓരോ അദ്ധ്യയന വർഷവും ആറാം പ്രവൃത്തി ദിവസം നിലവിലുള്ള വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് തസ്തിക നിർണ്ണയം നടത്തേണ്ടത്. കേരള വിദ്യാഭ്യാസ ചട്ടത്തിൽ വരുത്തിയ ഭേദഗതി അനുസരിച്ച 2022-2023 വർഷം മുതൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അധിക തസ്തിക അനുവദിക്കേണ്ടത് സർക്കാർ തലത്തിലാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ അനുവദിക്കാവുന്ന തസ്തികകളുടെ എണ്ണം കണക്കാക്കുവാൻ സാധിക്കുകയുള്ളു. |
| (സി) | നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഈ അദ്ധ്യയന | (സി) | അധിക തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച |

| | | | |
|---|---|---|---|
| | വർഷത്തെ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | | നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സർക്കാർ സ്കൂളുകളിലെ അധ്യാപക അനധ്യാപക ഒഴിവുകളിൽ ചട്ട പ്രകാരം പി.എസ്.സി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ